**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് മതിയായ അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | 2023-24 അധ്യയന വർഷത്തെ പ്രവേശന നടപടികൾ ആരംഭിക്കുന്നതിനു മുൻപും ഓരോ അലോട്ട്മെന്റ് കഴിയുമ്പോഴും മലബാർ മേഖലയിലെ ജില്ലകളിലെ പ്ലസ് വൺ പ്രവേശന സ്ഥിതി താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിച്ച് വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷം മലബാർ മേഖലയിലെ ജില്ലകളിൽ പ്രവേശനത്തിന് ശേഷിക്കുന്നവരുടെയും ലഭ്യമായ സീറ്റുകളുടെയും വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുഴുവൻ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് പോലും പ്ലസ് വണ്ണിന് ഇഷ്ട കോഴ്സും സ്ഥാപനവും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ പ്ലസ് വണ്ണിന് അധിക ബാച്ചുകളും ഡിവിഷനുകളും സീറ്റുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും, സുതാര്യവുമാക്കുന്നതിനും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിനഞ്ച് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നതിനാൽ ഏതെങ്കിലും പ്രത്യേക സ്കൂളിലോ കോഴ്സിലോ പ്ലസ് വൺ-നു പ്രവേശനം വേണമെന്ന അപേക്ഷകൾ പരിഗണിക്കുവാൻ കഴിയില്ല. എങ്കിലും അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശനത്തിലൂടെ മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിലും കോഴ്സുകളിലും പ്രവേശനം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ജില്ല | പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം | മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകൾ | ഒഴിവുള്ള അൺ-എയ്ഡഡ് ക്വാട്ട സീറ്റുകൾ | ആകെ ലഭ്യമായ സീറ്റുകൾ |
|---|---|---|---|---|
| പാലക്കാട് | 1011 | 633 | 2233 | 2866 |
| കോഴിക്കോട് | 564 | 491 | 2739 | 3230 |
| മലപ്പുറം | 2759 | 295 | 5069 | 5364 |
| വയനാട് | 8 | 501 | 165 | 666 |
| കണ്ണൂർ | 148 | 1253 | 1641 | 2894 |
| കാസർഗോഡ് | 331 | 1178 | 1139 | 2317 |